# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4090 — 26.06.2013-ൽ മറുപടിയ്ക്ക്

### വരൾച്ചാ ദുരിതാശ്വാസ ഫണ്ടിലുൾപ്പെടുത്തി കുഴൽ കിണറുകളുടെ നിർമ്മാണം

| ചോദ്യം<br>ശ്രീ. ബി.സത്യൻ | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
|---|---|
| എ) വരൾച്ചാ ദുരിതാശ്വാസ ഫണ്ടിലുൾപ്പെടുത്തി ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നിർമ്മാണത്തിന് ശുപാർശ ചെയ്ത പ്രകാരം കുടിവെള്ള ലഭ്യത തീരെ കുറഞ്ഞ നിരവധി പ്രദേശങ്ങളുണ്ടായിട്ടും ഭൂജല വകുപ്പ് നിർമ്മിച്ച് നൽകിയിട്ടുള്ള നാല് കുഴൽ കിണറുകൾ തീരെ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) കിളിമാനൂർ ബ്ലോക്കിലുൾപ്പെടുന്നതും വർക്കല നിയോജക മണ്ഡലത്തിന്റെ ഭാഗമായതുമായ മടവൂർ, പള്ളിക്കൽ, നാവായിക്കുളം പഞ്ചായത്തുകളിൽ ഈ പദ്ധതി പ്രകാരം എത്ര കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) മടവൂർ ഗ്രാമ പഞ്ചായത്തിൽ 13 എണ്ണവും, പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ 10 എണ്ണവും, നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ 21 എണ്ണവും കുഴൽ കിണർ നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ